**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4448** **29-10-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ അംബേദ്കർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ അംബേദ്കർ പദ്ധതി പ്രകാരമുള്ള എസ്.സി. കോളനി നവീകരണത്തിന്റെ ഭാഗമായുള്ള നിർമ്മാണ പുരോഗതി വിശദമാക്കുമോ? | (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ അയ്യങ്കാളി പട്ടികജാതി കോളനി, മീൻകുഴി കോളനി എന്നിവയെയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ട് കോളനികളിലേയും പ്രവൃത്തികൾ നിർവ്വഹിക്കുന്നത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ആണ്. അയ്യങ്കാളി പട്ടികജാതി കോളനി: ഈ കോളനിയിൽ വീട് റിപ്പയർ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്.ആകെയുള്ള 58 വീടുകളിൽ 6 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർണ്ണമായി കഴിഞ്ഞു. ബാക്കി പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുണ്ട്. ഈ കോളനിയിലെ അതിരു തിരിക്കൽ, പാർശ്വ ഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. മീൻകുഴി കോളനി: ഈ കോളനിയിൽ വീട് റിപ്പയർ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. ആകെയുള്ള 83 വീടുകളിൽ 30 വീടുകളുടെ പണി പൂർത്തീകരിച്ചതും 25 വീടുകളുടെ പണി ഭാഗീകമായി പൂർത്തീകരിച്ചതുമാണ്. ബാക്കി പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുണ്ട്. ഈ കോളനിയിൽ സോളാർ തെരുവ് വിളക്ക്,പാർശ്വ ഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് 09/09/2021 ലെ അവലോകന യോഗത്തിൽ ഏജൻസിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ